പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - **277** **23.03. 2015**- ൽ മറുപടി

## ആഗോള പ്രവാസി മലയാളി സംഗമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. എം.എ. വാഹിദ്<br>ശ്രീ. പി.എ. മാധവൻ<br>ശ്രീ. കെ.ശിവദാസൻ നായർ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ)സംസ്ഥാനത്ത് ആഗോള പ്രവാസി മലയാളി സംഗമം സംഘടിപ്പിക്കുകയുണ്ടായോയെന്ന് വ്യക്തമാക്കാമോ; | (എ) 2015 ജനുവരി 16,17 തീയ്യതികളിൽ ആഗോള പ്രവാസി മലയാളി സംഗമം കൊച്ചിയിൽ സംഘടിപ്പിക്കുകയുണ്ടായി. |
| (ബി)സംഗമത്തിൽ സംസ്ഥാനം എന്തെല്ലാം കാര്യങ്ങളാണ് അവതരിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | ബി) ആഗോള പ്രവാസി മലയാളി സംഗമത്തിൽ പ്രവാസി മലയാളികൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ സർക്കാർ അവതരിപ്പിച്ചിട്ടുണ്ട്.<br><br>പ്രവാസി മലയാളികളുടെ ലോകം - പ്രശ്നങ്ങൾ, വെല്ലുവിളികൾ, അവസരങ്ങൾ, ഗൾഫ്, യൂറോപ്പ് & അമേരിക്ക പ്രത്യേക സെഷനുകൾ, പ്രവാസി വനിതകൾ നേരിടുന്ന പ്രശ്നങ്ങൾ, പ്രവാസികൾക്ക് അടിസ്ഥാന സൗകര്യ വികസന പദ്ധതികളിൽ നിക്ഷേപിക്കുവാനുള്ള അവസരങ്ങൾ, മലയാളവും കേരള സംസ്കാരവും: പ്രവാസി മലയാളിയ്ക്ക് മേലുള്ള സ്വാധീനം, പ്രവാസി ക്ഷേമത്തിന് സമൂഹത്തിന്റെ പങ്ക് തുടങ്ങിയ വിഷയങ്ങൾ സെഷൻ അടിസ്ഥാനത്തിൽ തന്നെ വിശദമായി ചർച്ചയ്ക്കായി സർക്കാർ മുന്നോട്ട് വെച്ചിരുന്നു. കൂടാതെ വിവിധ പ്രവാസി സംഘടനകളുടെ പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് |

ഇന്ററാക്ടീവ് സെഷനും സംഗമത്തിലെ പ്രതിനിധികളുടെ തുറന്ന അഭിപ്രായത്തിന് വേദി ഒരുക്കിക്കൊണ്ട് മുഖ്യമന്ത്രിയും നോർക്ക വകുപ്പ് മന്ത്രിയും പങ്കെടുത്ത ഓപ്പൺ ഫോറവും സംഘടിപ്പിച്ചിരുന്നു.

| | |
|---|---|
| (സി) സംഗമത്തിൽ എന്തൊക്കെ വിഷയങ്ങളാണ് ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) മുകളിൽ അവതരിപ്പിച്ച വിഷയങ്ങൾ കൂടാതെ ഇന്ത്യയ്ക്കകത്തും പുറത്തും താമസിക്കുന്ന പ്രവാസികളുടെ വിവിധ വിഷയങ്ങളും സംഗമത്തിൽ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. പ്രവാസി മലയാളികളുടെ കുടുംബം നാട്ടിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, അവരുടെ സ്വത്തും, ആസ്തികളും സംബന്ധിച്ച പ്രശ്നങ്ങൾ, പ്രവാസികളുടെ യാത്രാ സൗകര്യം സംബന്ധിച്ച വിഷയം, പ്രവാസികൾക്ക് ലഭ്യമാക്കേണ്ട സഹായങ്ങൾ സംബന്ധിച്ച വിഷയം, ഔപചാരിക വിദ്യാഭ്യാസമില്ലാത്ത പ്രവാസി മലയാളികൾക്ക് നൈപുണ്യ സർട്ടിഫിക്കറ്റ് നൽകുന്ന വിഷയം തുടങ്ങിയവയാണ് അവയിൽ പ്രധാനപ്പെട്ടവ. |
| ഡി) സംഗമത്തിൽ നടന്ന ചർച്ചകളിന്മേൽ എന്തെല്ലാം തുടർനടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | ഡി) ആഗോള പ്രവാസി മലയാളി സംഗമത്തിൽ താഴെപ്പറയുന്ന പ്രഖ്യാപനങ്ങളും തീരുമാനങ്ങളും കൈക്കൊണ്ടിട്ടുണ്ട്<br>1. പ്രവാസികളുടെ സ്വത്തുക്കളും സ്വകാര്യ ആസ്തികളും സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് അർദ്ധ നീതിന്യായ അധികാരമുള്ള എൻ.ആർ.ഐ കമ്മീഷൻ രൂപീകരിക്കും.<br>2. പ്രൊഫഷണൽ മേഖലകളിൽ തൊഴിൽ പരിചയമുള്ള, എന്നാൽ വിദ്യാഭ്യാസ യോഗ്യത നേടിയിട്ടില്ലാത്തവരുമായ പ്രവാസികൾക്ക് തനതു മേഖലകളിൽ നൈപുണ്യത്തിന് സർട്ടിഫിക്കറ്റ് നൽകാൻ നടപടി സ്വീകരിക്കും. |

3. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സാധ്യതകളെ കുറിച്ച് പ്രവാസികളുടെ കുട്ടികൾക്ക് മാർഗ നിർദ്ദേശം നൽകുന്നതിനായി പ്രവാസി എഡ്യൂക്കേഷൻ സെൽ രൂപീകരിക്കും.

4. കേരളത്തിലെ വിമാനത്താവളങ്ങളെ ഇന്റർ നാഷണൽ എയർപോർട്ട് ഹബ്ബിന്റെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടും.

5. പ്രവാസികൾക്കായി നയങ്ങൾ, പദ്ധതികൾ. പ്രോജക്ടുകൾ എന്നിവ രൂപം നൽകുന്നതിനായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നോർക്ക അഡ്വൈസറി ബോർഡ് രൂപീകരിക്കും .

6. വിവിധ രാജ്യങ്ങളിൽ വിവിധ മേഖലകളിൽ തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുന്നതിന് സഹായകമായി പ്രവർത്തിക്കുന്ന സർക്കാർ ഏജൻസികളുടെ മാനവ വിഭവശേഷിയും നൈപുണ്യവും വർദ്ധിപ്പിക്കും.

7. സംസ്ഥാന വികസനത്തിന് പ്രവാസികളുടെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കും.

ഈ പ്രഖ്യാപനങ്ങളിന്മേൽ സർക്കാർ തുടർനടപടികൾ സ്വീകരിച്ചുവരികയാണ്.

സെക്ഷൻ ഓഫീസർ